**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **16-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സാപിഴവിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിലായിരുന്ന ചേരിക്കോണം സ്വദേശികളായ നീതുവും സഹോദരി മീനാക്ഷിയും മരിച്ച സംഭവത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് വീഴ്ച സംഭവിച്ചു എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 19 വയസ്സുള്ള മീനാക്ഷിയെ 13/05/2025 നും 17 വയസ്സുള്ള നീതുവിനെ 14/05/2025 നും M2 യൂണിറ്റിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളതാണ്. പരിശോധനകളിൽ Hepatitis A എന്ന് കണ്ടുപിടിക്കുകയും പ്രോട്ടോക്കോൾ പ്രകാരമുള്ള ചികിത്സകൾ നൽകുകയും ചെയ്തിട്ടുണ്ട്. മീനാക്ഷി 16.05.2025 നും നീതു 18.05.2025 നും മരണപ്പെട്ടു. സ്ഥിതിഗതികൾ വിലയിരുത്തിയതിൽ, മെഡിക്കൽ കോളേജിന്റെ ഭാഗത്തുനിന്നും വീഴ്ച്ച സംഭവിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പോസ്റ്റ്മോർട്ടം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല. രണ്ട് പേർക്കും വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്നും, കരളിലെ ഗുരുതരമായ പ്രശ്നങ്ങൾ കാരണമാണ് മരണം സംഭവിച്ചതെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപാൾ ലഭ്യമാക്കിയ Death Audit Report -ൽ നിന്നും വ്യക്തമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ